**മധുരമായ കുട്ടികളെ– ബാബയുമായി മിലനം ആഘോഷിക്കുകയും പാവനമാകുകയും വേണമെങ്കിൽ സത്യം–സത്യമായ ആത്മീയ പ്രിയതമകളാകൂ, ഒരേയൊരു ബാബയെയല്ലാതെ മറ്റാരെയും ഓർമ്മിക്കരുത്.**

**ചോദ്യം–** ബ്രാഹ്മണരാണ് ദേവതമാരായി മാറുന്നത്, ആ ബ്രാഹ്മണരുടെ പദവി ദേവതമാരേക്കാൾ ഉയർന്നതാണ്. എങ്ങനെ?

**ഉത്തരം–** ബ്രാഹ്മണർ ഈ സമയത്ത് സത്യം– സത്യമായ ആത്മീയ സേവാധാരികളാണ്. മനുഷ്യാത്മാക്കൾക്ക് പവിത്രത, യോഗത്തിന്റെ ഇഞ്ചക്ഷൻ നല്കുന്നു. ഭാരതത്തിന്റെ മുങ്ങി കിടക്കുന്ന തോണിയെ ശ്രീമത്തനുസരിച്ച് അക്കരെയെത്തിക്കുന്നു. നരകവാസി ഭാരതത്തെ സ്വർഗ്ഗവാസിയാക്കുന്നു. ഇങ്ങനെയുള്ള സേവനം ദേവതമാർക്ക് ചെയ്യാൻ സാധിക്കില്ല. അവർ ഈ സമയത്തെ സേവയുടെ പ്രാപ്തി അനുഭവിക്കുകയാണ്, അതിനാൽ ബ്രാഹ്മണർ ദേവതമാരേക്കാളും ഉയർന്നതാണ്.

**ഗീതം–** നമ്മുടെ തീർത്ഥ സ്ഥാനം വേറിട്ടതാണ്.....

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടുവല്ലോ. നമ്മൾ ജീവാത്മാക്കളാണ്. ആത്മാവും ശരീരവും, ആത്മാവിനെ ആത്മാവെന്നും, ശരീരത്തെ ജീവ് എന്നും പറയുന്നു. ആത്മാക്കൾ വരുന്നത് പരംധാമിൽ നിന്നാണ്. ഇവിടെ വന്ന് ശരീരം ധാരണ ചെയ്യുന്നു. ഇത് കർമ്മ ക്ഷേത്രമാണ്, ഇവിടെ വന്ന് നമ്മൾ പാർട്ടഭിനയിക്കുന്നു. ബാബ പറയുന്നു– എനിക്കും പാർട്ടഭിനയിക്കണം. ഞാൻ പതിതരെ പാവനമാക്കാൻ വന്നിരിക്കുന്നു. ഈ സമയത്ത് ഈ പതിത ലോകത്തിൽ ഒരാൾ പോലും പാവനമായിട്ടില്ല. പാവനലോകത്തിൽ ഒരാൾ പോലും പതിതമായിട്ടുണ്ടാകുകയില്ല. സത്യ– ത്രേതായുഗം പാവനവും, ദ്വാപര–കലിയുഗം പതിതവുമാണ്. പതിത പാവനനായ ബാബ തന്നെ വന്നാണ് സർവ്വർക്കും ശിക്ഷണം നല്കുന്നത്– ഹേ ആത്മാക്കളെ, നിങ്ങൾ ഈ ശരീരത്തിലിരുന്ന് 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയാക്കി. അതിൽ പകുതി സമയം സുഖവും, പകുതി സമയം ദുഃഖവും പ്രാപ്തമാക്കി. ദുഃഖവും പതുക്കെ പതുക്കെയാണ് ആരംഭിക്കുന്നത്. ഇപ്പോൾ വളരെ ദുഃഖമാണ്. വളരെ ആപത്തുക്കൾ വരാനിരിക്കുന്നു. ഈ സമയത്ത് സർവ്വരും ഭ്രഷ്ടാചാരികളാണ്. ആരുടെയും യോഗം ബാബയുമായിട്ടില്ല. ആത്മാവ് സ്വയത്തെ മറന്നു പോയി. പ്രിയതമയെയും പ്രിയതമനെയും പോലെ ബാബ മനസ്സിലാക്കി തരുന്നു. ആൺകുട്ടിയും പെൺകുട്ടിയും പരസ്പരം അറിയുന്നേയില്ല, എന്നാൽ വിവാഹത്തിനു ശേഷം പ്രിയതമനും പ്രിയതമയും ആകുന്നു എന്നതുപോലെ. വിവാഹം ചെയ്യുന്നത് വികാരത്തിനു വേണ്ടിയാണ്. വികാരി പതിതരായ പ്രിയതമനും പ്രിയതമയും എന്നു പറയും. ചിലർ ലൈലാ മജ്നുവിനെ പോലെ ബാഹ്യമായ സൗന്ദര്യത്തിൽ മാത്രം ആകർഷിക്കപ്പെടുന്നവരുണ്ട്. അവർ പരസ്പരം നോക്കികൊണ്ടേയിരിക്കും, എന്നാൽ വികാരത്തിൽ പോകുന്നില്ല. കർമ്മം ചെയ്യുമ്പോഴും സദാ പ്രിയതമനെ മുന്നിൽ കാണുന്നു. മീരയുടെ മുന്നിൽ കൃഷ്ണൻ പ്രത്യക്ഷപ്പെടുമായിരുന്നതുപോലെ. ഇപ്പോൾ ഇതാണ് പ്രിയതമനായ പരമപിതാ പരമാത്മാവ്, നാം എല്ലാവരും പരമാത്മാവിന്റെ പ്രിയതമകളാണ്. സർവ്വരും പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത്. പ്രിയതമകൾ നിറയെയുണ്ട് എന്നാൽ സർവ്വരുടെയും പ്രിയതമൻ ഒന്നാണ്. സർവ്വ മനുഷ്യരും പരമാത്മാവിന്റെ പ്രിയതമകളാണ്. ഭക്തി ചെയ്യുന്നത് ഭഗവാനെ മിലനം ചെയ്യുന്നതിനാണ്. ഭക്തർ പ്രിയതമകളാണ്, ഭഗവാൻ പ്രിയതമനാണ്. ഇപ്പോൾ എങ്ങനെ മിലനം ചെയ്യും? അതിനാൽ സർവ്വരുടെയും പ്രിയതമനായ പരമാത്മാവ് വരുന്നു. ഇപ്പോൾ വന്നിരിക്കുന്നു, പറയുകയാണ്– നിങ്ങൾക്ക് എന്നെ മിലനം ചെയ്യണമെങ്കിൽ നിരന്തരം എന്നെ മാത്രം ഓർമ്മിക്കൂ. എന്നിൽ യോഗം വെച്ച് എന്റെ മാത്രം പ്രിയതമകളാകൂ. ഈ രാവണ രാജ്യത്തിൽ ദുഃഖം തന്നെ ദുഃഖമാണ്. ഇപ്പോൾ ഇതിന്റെ വിനാശം ഉണ്ടാകണം. ഞാൻ വന്നിരിക്കുന്നത് നിങ്ങളെ പാവനമാക്കുന്നതിനാണ്. ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്, അതിനാൽ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം ഭസ്മമാകും. ധർമ്മരാജന്റെ ശിക്ഷകളിൽ നിന്നും മുക്തമാകും. ആ നിരാകാരനായ ബാബ പറയുന്നു– എന്റെ ഓമന കുട്ടികളെ, ഇപ്പോൾ വിനാശ സമയമാണ്, ശിരസ്സിൽ പാപങ്ങളുടെ ഭാരമുണ്ട്. ഇപ്പോൾ പുണ്യാത്മാവാകണം. യോഗത്തിലൂടെ തന്നെയേ വികർമ്മം ഭസ്മമാകൂ, പുണ്യാത്മാവായി തീരൂ. ബാബ പറയുന്നു 63 ജന്മങ്ങൾ നിങ്ങൾ രാവണ രാജ്യത്തിൽ പാപാത്മാക്കളായിരുന്നു. ഇപ്പോൾ നിങ്ങളെ പാപാത്മാവിൽ നിന്നും പുണ്യാത്മാവാക്കുന്നു. ദേവതമാർ പുണ്യാത്മാക്കളാണ്. പാപാത്മാക്കൾ തന്നെയാണ് പുണ്യാത്മാക്കളെ പൂജിക്കുന്നത്. ഇപ്പോൾ ഇത് അന്തിമ ജന്മമാണ്, എല്ലാവർക്കും മരിക്കണം, അതിനാൽ എന്ത് കൊണ്ട് അതിനു മുമ്പ് ബാബയിൽ നിന്നും സമ്പത്തെടുത്തുകൂടാ! എന്ത് കൊണ്ട് പുണ്യാത്മാവായിക്കൂടാ! ഏറ്റവും വലിയ പാപമാണ് വികാരത്തിൽ പോകുക എന്നത്. വികാരിയെ പതിതരെന്നും, നിർവ്വികാരിയെ പാവനമെന്നും പറയുന്നു. സന്യാസിമാരും

പതിതരായിരുന്നു അതു കൊണ്ടാണ് പാവനമാകുന്നതിന് കുടുംബം ഉപേക്ഷിക്കുന്നത്. പിന്നെ പാവന മായിതീരുമ്പോൾ സർവ്വരും അവരുടെ മുന്നിൽ തല കുമ്പിടുന്നു. പതിതരായിരുന്ന സമയത്ത് ആരും തല കുമ്പിടില്ലായിരുന്നു. ഇവിടെ തല കുമ്പിടേണ്ട കാര്യമേയില്ല. ബാബ കുട്ടികൾക്ക് ശ്രീമത്ത് നല്കുന്നു– സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ, നമ്മൾ ഇവിടെ വന്നിരിക്കുന്നത് പാർട്ട് അഭിനയിക്കാനാണ്, പിന്നെ ബാബയുടെയടുത്തേക്ക് തിരിച്ച് പോകണം. ഇപ്പോൾ ഭൗതിക തീർത്ഥയാത്രകൾ സർവ്വതും സമാ പ്തമാകണം. നിങ്ങൾക്ക് തിരികെ ശാന്തിധാമിലേക്ക് പോകണം. തീർത്ഥയാത്രയ്ക്ക് പോകുന്ന സമയത്ത് പവിത്രമായി ജീവിക്കുന്നു. പിന്നീട് വീട്ടിൽ പോകുമ്പോൾ പതിതമാകുന്നു. അതാണ് അല്പകാലത്തെ ഭൗതിക യാത്ര. ഇപ്പോൾ ബാബ നിങ്ങളെ ആത്മീയ യാത്ര പഠിപ്പിക്കുന്നു. ബാബ പറയുന്നു– എന്റെ ശ്രീമ ത്തനുസരിച്ച് നടക്കുകയാണെങ്കിൽ നിങ്ങൾ അരകല്പം അപവിത്രമാകില്ല. സത്യയുഗത്തിൽ രാധയുടെയും കൃഷ്ണന്റെയും സ്വയംവരം പതിതമാകുന്നതിന് വേണ്ടിയല്ല ചെയ്യുന്നത്. അവിടെയെല്ലാവരും പാവനമാ ണ്. യോഗബലത്തിലൂടെ ജനനം നടക്കുന്നു. അതുപോലെ യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി തീരുന്നു. അവിടെ കുട്ടികൾ ചഞ്ചലത കാണിക്കില്ല കാരണം അവിടെ മായയില്ല. കുട്ടി കൾ ശ്രേഷ്ഠ കർമ്മമേ ചെയ്യുകയുള്ളൂ. അവിടെ കർമ്മം അകർമ്മമായി തീരും. ഇവിടെ രാവണ രാജ്യ ത്തിൽ നിങ്ങളുടെ കർമ്മം വികർമ്മമായി തീരുന്നു. ഈ കളി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. നിങ്ങൾ സർവ്വ കുമാരൻമാരും കുമാരികളും പരസ്പരം സഹോദരി സഹോദരൻമാരാണ്. ശിവബാബയുടെ പേരകുട്ടിക ളായി. സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവിയുടെ സമ്പത്ത് ലഭിക്കുന്നത് മുത്തച്ഛനിൽ നിന്നാണ്. ഇപ്പോൾ ബാബ വന്ന് സ്ത്രീയുടേയും പുരുഷന്റെയും യോഗം തന്നിൽ വെയ്പ്പിക്കുന്നു. പറയുന്നു– ഗൃഹസ്ഥത്തി ലിരുന്ന് പവിത്രമാകൂ. ഈ സാമർത്ഥ്യം കാണിക്കൂ. ഒരുമിച്ച് ജീവിച്ചും കാമത്തിന്റെ അഗ്നി ഏല്ക്കരുത്, അങ്ങനെ ജീവിച്ച് കാണിച്ചുവെങ്കിൽ വളരെ ഉയർന്ന പദവി നേടും. ഭീഷ്മ പിതാമഹനെ പോലെ ബ്രഹ്മചാ രിയാകണം, പരിശ്രമമുണ്ട്. മനുഷ്യർ ഇത് വളരെ പ്രയാസമാണന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ഈ യുക്തി ബാബ തന്നെയാണ് പഠിപ്പിക്കുന്നത്.

ശിവ ഭഗവാന്റെ വാക്കുകൾ– കൃഷ്ണൻ ഭഗവാനല്ല, ദേവീക ഗുണങ്ങളുള്ള മനുഷ്യനാണ്. ബ്രഹ്മാവും വി ഷ്ണുവും ശങ്കരനും സൂക്ഷ്മ വതനവാസികളാണ്. ബ്രഹ്മാവിന്റെ പദവി വിഷ്ണുവിന്റേതിനേക്കാൾ ഉയർന്ന താണ്. അതേപോലെ ബ്രാഹ്മണരുടെ പദവി ദേവതമാരേക്കാൾ ഉയർന്നതാണ് കാരണം ഈ സമയത്ത് നിങ്ങൾ ആത്മീയ സേവാധാരികളാണ്. മനുഷ്യന്റെ ആത്മാവിനെ പവിത്രത, യോഗത്തിന്റെ ഇഞ്ചക്ഷൻ നല്കുന്നു. നിങ്ങൾ തന്നെയാണ് ഈ ഭാരതത്തെ സ്വർഗ്ഗമാക്കുന്നത്, അതിനാൽ ആക്കുന്നവർക്ക് കൂടു തൽ മഹിമ ലഭിക്കുന്നു. നിങ്ങൾ തന്നെയാണ് ദേവതയാകുന്നത് എന്നാൽ ഈ സമയത്ത് നിങ്ങൾ ബ്രാഹ്മ ണരായി സേവനം ചെയ്യുന്നു, ദേവതാ രൂപത്തിൽ സേവനം ചെയ്യില്ല. അവിടെ നിങ്ങൾ രാജ്യം ഭരിക്കും. നിങ്ങളുടെ സേവനമാണ് നരകവാസി ഭാരതത്തെ സ്വർഗ്ഗവാസിയാക്കുക എന്നത്, അതിനാലാണ് വന്ദേമാ തരം എന്നു പറയുന്നത്. ശിവശക്തി സൈന്യം. മമ്മ സിംഹപ്പുറത്ത് സവാരി ചെയ്യുന്നതായി കാണിക്കു ന്നു, എന്നാൽ അങ്ങനെയൊന്നുമില്ല. നിങ്ങൾ സിംഹിണികളാണ് കാരണം നിങ്ങൾ 5 വികാരങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കുന്നു. ഭാരതത്തെ സ്വർഗ്ഗമാക്കുന്നു. ഇത് ഉയർന്നതിലും വെച്ച് ഉയർന്ന സേവ നമായില്ലേ അതിനാൽ ശക്തികളുടെ ക്ഷേത്രങ്ങൾ നിറയെയുണ്ട്. മുഖ്യമായത് ഒന്നാണ്. ശക്തി നല്കു ന്നത് ശിവബാബയാണ്. മഹിമയുള്ളത് ബാബയ്ക്കാണ്. പിന്നെ ആരാണോ സഹയോഗിയാകുന്നത് അവ രുടെയും പേര് വരുന്നു. സഹോദരങ്ങളെയും മഹാരഥിയെന്നു പറയും. സ്ത്രീയും വേണം, പുരുഷനും വേണം. കുടുംബ മാർഗ്ഗമല്ലേ. ഒരിക്കലും വികാരിയെ ഗുരുവാക്കേണ്ട ആവശ്യമില്ല. ഗൃഹസ്ഥിയെ ഗുരു വാക്കുന്നതിലൂടെ യാതൊരു നേട്ടവുമില്ല. പതിതർക്ക് ഒരിക്കലും പതിതരെ പാവനമാക്കാൻ സാധിക്കില്ല. സന്യാസിയുടെ ശിഷ്യൻമാർ എന്നു പറയുന്നു എന്നാൽ സ്വയം സന്യാസിയായില്ല അപ്പോൾ അതും അസത്യമായില്ലേ. ഇന്നത്തെ കാലത്ത് കാപട്യം വളരെയാണ്. ഗൃഹസ്ഥികൾ പോലും ഗുരുവായി തീരു ന്നു, പവിത്രതയുടെ കാര്യം പാലിക്കുന്നേയില്ല. ഇവിടെ ബാബ പറയുന്നു പവിത്രമാകൂ എങ്കിൽ ബാബ യുടെ കുട്ടി എന്ന് പറയപ്പെടും. പാവനമാകാതെ രാജ്യപദവി ലഭിക്കില്ല. അതിനാൽ തീർച്ചയായും ബാബ യുമായി യോഗം വെയ്ക്കണം. ആര് ആരെയൊക്കെ അംഗീകരിക്കുന്നുവോ, ഗുരുനാനക്കിനെ അംഗീക രിക്കുന്നവർ ആ കുലത്തിലേക്ക് തന്നെ പോകും. ഈ ജന്മത്തിൽ പഠിച്ച് പവിത്രമാകുന്നവരാണ് സ്വർഗ്ഗ ത്തിൽ വരുന്നത്. ഗുരുനാനാക്കിനെ ദേവതയെന്നു പറയില്ല. ദേവതമാരുള്ളത് സത്യയുഗത്തിലാണ്. അവിടെ വളരെ സുഖമുണ്ട്, മറ്റു ധർമ്മങ്ങളിലുള്ളവർക്ക് സ്വർഗ്ഗത്തിന്റെ സുഖത്തിനെ കുറിച്ചറിയില്ല. സ്വർഗ്ഗത്തിലു ള്ളവർ ഭാരതവാസികളാണ്. ബാക്കിയുള്ളവർ പിന്നീടാണ് വരുന്നത്. ദേവതയാകേണ്ടവരേ ആകുകയു ള്ളൂ. ഈ സമയത്ത് ദേവതമാരെയാണ് പൂജിക്കുന്നത്, ലക്ഷ്മി നാരായണനെ പൂജിക്കുന്നു, തന്റെ ധർമ്മം ഹിന്ദുവെന്നും പറയുന്നു കാരണം പതിതമായപ്പോൾ തന്റെ പതിത ധർമ്മത്തെ മറന്ന് ഹിന്ദുവെന്ന് അറിയ പ്പെട്ടു. നിങ്ങൾ ദേവി ദേവതാ ധർമ്മത്തിലേതാണ്, പിന്നെന്ത് കൊണ്ട് ഹിന്ദുവെന്ന് പറയുന്നു? ഹിന്ദുവെന്ന

ധർമ്മമേയില്ല, എന്നാൽ അധഃപതിച്ചതാണ്. ദേവതമാർ വളരെ കുറച്ചേ ഉണ്ടായിരിക്കുകയുള്ളൂ, അവർ ഇവിടെ വന്ന് പഠിക്കുന്നു- അവർ തന്നെ മനുഷ്യനിൽ നിന്നും ദേവതയായി തീരുന്നു. കുറച്ചെങ്കിലും പഠിച്ചുവെങ്കിൽ സാധാരണ പ്രജയായി തീരും. ബാബയുടേതാകുകയാണെങ്കിൽ വിജയമാലയിൽ വരും. ഇപ്പോൾ ആത്മീയ പ്രിയതമനും പ്രിയതമയുമാകണം. സത്യയുഗത്തിലും കലിയുഗത്തിലും ഭൗതികമായിരിക്കും. ഇപ്പോൾ സംഗമയുഗത്തിൽ ഒരേയൊരു പ്രിയതമന്റെ ആത്മീയ പ്രിയതമകളാകണം.

ബാബ പറയുന്നു- എന്നെ ഓർമ്മിച്ചു കൊണ്ടിരിക്കൂ. വികാരത്തിൽ പോകുകയാണെങ്കിൽ നൂറിരട്ടി ശിക്ഷ ലഭിക്കും, വീണ് പോകും അതിനാൽ എഴുതണം- ബാബാ ഞാൻ മുഖം കറുപ്പിച്ചു. ബാബ പറയുന്നു- കുട്ടികളെ ഇപ്പോൾ നിങ്ങൾ പാവനമാകണം. കൃഷ്ണനെ ശ്യാമസുന്ദരൻ എന്നു പറയുന്നു, കൃഷ്ണന്റെ ആത്മാവ് ഈ സമയത്ത് കറുത്തു പോയി. പിന്നെ ജ്ഞാനചിതയിലിരുന്ന് പാവനമായി തീരും. 21 ജന്മത്തേക്ക് സുന്ദരമായി തീരും പിന്നെ വീണ്ടും പതിതമാകും. പാവനവും പതിതവുമായി തീരുന്ന കളി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. പതിതത്തിൽ നിന്നും പാവനമാകാൻ ഒരു സെക്കന്റ്, പാവന അവസ്ഥയിൽ നിന്നും പതിതമാകാൻ അര കല്പം എടുക്കുന്നു. അര കല്പം പാവനം, അര കല്പം പതിതം. ശിവബാബയാണ് ഒരേയൊരു യാത്രക്കാരൻ, ബാക്കിയെല്ലാവരും പതിതരായ പ്രിയതമകളാണ്. പാവനമാക്കുന്നതിന് നിങ്ങളെ യോഗം പഠിപ്പിക്കുന്നു. സത്യയുഗത്തിൽ ഫസ്റ്റ് ക്ലാസ് സ്വാഭാവികമായ സൗന്ദര്യം ഉണ്ടായിരിക്കും കാരണം 5തത്ത്വങ്ങൾ സതോപ്രധാനമായത് കാരണം ശരീരവും സുന്ദരമായത് ലഭിക്കും. ഇവിടെ കൃത്രിമമായ സൗന്ദര്യമാണ്. പവിത്രത വളരെ നല്ലതാണ്. ബാബയുടെയടുത്ത് വളരെ പേർ വരുന്നു, പവിത്രതയുടെ പ്രതിജ്ഞയും എടുക്കുന്നു, എന്നാൽ ചിലർ തോറ്റു പോകുന്നു, ചിലർ പാസാകുന്നു. ഇതാണ് ഈശ്വരീയ സ്ഥാപനം. മുങ്ങിപോയ ഭാരതത്തെ രക്ഷിക്കണം. ഭാരതത്തിന്റെ തോണി രാവണനാണ് മുക്കിയത്, രാമൻ വന്ന് അക്കരെ കടത്തുന്നു. നിങ്ങളുടെ ബുദ്ധിയിലുണ്ട്- നമ്മൾ സ്വർഗ്ഗത്തിൽ പോയി രത്നങ്ങളുടെയും വജ്രങ്ങളുടെയും കൊട്ടാരം ഉണ്ടാക്കും. ഈ ശരീരം വിട്ട് രാജാവായി തീരും. ബാബയുടെ കുട്ടിയായവർക്കേ ഈ ചിന്ത ഉണ്ടായിരിക്കുകയുള്ളൂ. ഇതാണ് ഈശ്വരീയ ദർബാർ അഥവാ ഈശ്വരീയ കുടുംബം. പാടാറുണ്ട്- അങ്ങ് തന്നെയാണ് മാതാവും പിതാവും.... ഞാൻ ബാലകനാണ്, അപ്പോൾ കുടുംബമായില്ലേ. ഈശ്വരനാണ് മുത്തച്ഛൻ, ബ്രഹ്മാവ് അച്ഛനും. നിങ്ങൾ സഹോദരി സഹോദരൻമാരാണ്. സ്വർഗ്ഗത്തിന്റെ സമ്പത്ത് നിങ്ങൾ മുത്തച്ഛന്റെയടുത്ത് നിന്നും നേടുന്നു, പിന്നെ നിങ്ങൾ നഷ്ടപ്പെടുത്തുന്നു, വീണ്ടും ബാബ നല്കാൻ വേണ്ടി വരുന്നു. നിങ്ങൾ സമ്പത്തെടുക്കുന്നതിന് ഇപ്പോൾ ബാബയുടേതായി തീർന്നു. ബ്രഹ്മാവിന്റെ കുട്ടികൾ, ശിവന്റെ പേരക്കുട്ടികളായി തീരുന്നു. അതിനാൽ ഇതിനെ ഈശ്വരീയ ദർബാർ എന്നും പറയുന്നു, ഈശ്വരീയ കുടുംബമെന്നും പറയാം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ജ്ഞാന ചിതയിലിരുന്ന് സമ്പൂർണ്ണ പാവനമാകണം. പവിത്രത തന്നെയാണ് നമ്പർ വൺ സൗന്ദര്യം, ഈ സൗന്ദര്യത്തെ ധാരണ ചെയ്ത് ബാബയുടെ കുട്ടിയെന്നു പറയുന്നതിന് യോഗ്യരാകണം.

2) ഈ വിനാശ സമയത്ത് തലയിലുള്ള പാപ ഭാരങ്ങളെ ഒരേയൊരു ബാബയുടെ ഓർമ്മയിലൂടെ ഇല്ലാതാക്കണം. പുണ്യാത്മാവാകുന്നതിന് ശ്രേഷ്ഠ കർമ്മം ചെയ്യണം.

## വരദാനം:- കമ്പൈന്റ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ കമ്പൈന്റ് സേവനം ചെയ്യുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.

ശരീരവും ആത്മാവും കമ്പൈന്റാണ്, ഭാവിയിലെ വിഷ്ണു സ്വരൂപം കമ്പൈന്റാണ് എന്നത് പോലെ ബാബയും നമ്മൾ ആത്മാക്കളും കമ്പൈന്റാണ്. ഈ സ്വരൂപത്തിന്റെ സ്മൃതിയിലിരുന്ന് സ്വ സേവയും മറ്റാത്മാക്കളുടെ സേവനവും ഒപ്പത്തിനൊപ്പം ചെയ്യൂ എങ്കിൽ സഫലതാമൂർത്തിയായി മാറും. ഇങ്ങനെ ഒരിക്കലും പറയരുത്, സേവനത്തിൽ വളരെ ബിസിയായിരുന്നു അതിനാൽ സ്വയത്തിന്റെ സ്ഥിതിയുടെ ചാർട്ട് ലൂസായിപ്പോയി എന്ന്. സേവനം ചെയ്തു, തിരിച്ചുവന്നപ്പോൾ മായ വന്നു, മൂഡോഫായി, വിഷമ

ത്തിലായി, ഇങ്ങനെയാകരുത്. സേവയിൽ വൃദ്ധി പ്രാപിക്കാനുള്ള മാർഗ്ഗം തന്നെയിതാണ്, സ്വയത്തിന്റെയും സർവ്വരുടെയും സേവനം കമ്പൈന്റായിരിക്കണം.

**സ്ലോഗൻ:- പരിധിയുള്ള ഇച്ഛകൾ എന്തെന്ന് പോലും അറിയാതിരിക്കുക തന്നെയാണ് മഹാ സമ്പന്നരാകുക.**

## അമൂല്യ ജ്ഞാനരത്നങ്ങൾ(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

ബ്രഹ്മജ്ഞാനിയുടെയും ബാലകന്റെയും താരതമ്യം എന്തുകൊണ്ടാണ് ചെയ്യാറുള്ളത്? എന്തുകൊണ്ടെന്നാൽ ചെറിയ കുട്ടികളിൽ തികച്ചും നിഷ്കളങ്കതയും പവിത്രതയും ഉണ്ട് എന്നത് പോലെ ജ്ഞാനികളിലും ഈ നിഷ്കളങ്കതയുടെ മുഖ്യ ഗുണം അവശ്യം ഉണ്ടായിരിക്കും. ഇവിടെയും കാണാം ചിലർ കുട്ടികളായതിനാൽ ഹൃദയം ശുദ്ധവും പവിത്രവുമായത് കാരണം അവരിൽ ഈ ജ്ഞാനം വളരെ വ്യക്തമായി പതിയുന്നു. എന്ത് വിത്ത് അവരിൽ വിതക്കുന്നുവോ അതേപോലത്തെ ഫലം തരും, എന്തുകൊണ്ടെന്നാൽ ശുദ്ധമായ തൈകളാണ്. വലിയ സ്ഥാനത്തിരിക്കുന്നവർക്ക് ഉള്ളിൽ കുറച്ച് വലിയവരാണെന്ന ഭാവം ഉണ്ടായിരിക്കും. ജ്ഞാനത്തിലൂടെ അവർക്കും നിഷ്കളങ്കരും പവിത്രരും വിനയചിത്തരുമായ ബാലകരെപ്പോലെയാകണം. എപ്പോൾ ഈ അടിത്തറയിട്ട് ആദ്യം ഈ അവസ്ഥ കടന്നുപോകുന്നതിന് വേണ്ടി ബുദ്ധിമുട്ടുകൾ സഹിച്ച് പിന്നീട് പുരുഷാർത്ഥത്തിലൂടെ ജ്ഞാനത്തിന്റെ രമണീയ രഹസ്യങ്ങൾ അറിയുന്നുവോ അപ്പോഴേ വിധിപൂർവ്വം അധികാരിയാകൂ. അതേപോലെ പുരുഷാർത്ഥത്തിലൂടെ എത്തിച്ചേരുകയും പിന്നീട് പരിചയ സ്വരൂപരുമായി മാറുന്നു. പിന്നെ എപ്പോൾ മറ്റുള്ളവർക്കും പരിചയം അഥവാ ശിക്ഷണം കൊടുക്കുന്നുവോ, അപ്പോൾ മറ്റുള്ളവർ മനസ്സിലാക്കും, ഇവർ സ്വയം അധികാരിയാണ് അതായത് സ്വരൂപമാണ്, അതിനാൽ മഹിമായോഗ്യരാകുന്നു. പക്ഷെ അവരുടെ പുരുഷാർത്ഥം ആദ്യം നടക്കുന്നു. നോക്കൂ, ഏത്പോലെ ഒരു ലൗകിക ബ്രാഹ്മണന്റെ മകൻ പ്രയത്നിച്ച് ശാസ്ത്രങ്ങളും മറ്റും പഠിച്ച് സമർത്ഥനാകുന്നില്ലയോ അതുവരെ ബ്രാഹ്മണീയ കാര്യങ്ങളിൽ വരാൻ കഴിയില്ല. അതിനാൽ ആദ്യം പുരുഷാർത്ഥിയായി പഠിക്കണം അപ്പോഴേ അവർക്ക് യോഗ്യരായി കർത്തവ്യം ചെയ്യാനാകൂ. പിന്നെ മറ്റുള്ളവരും അവർ പാസ്സായത് കണ്ട് ഇങ്ങനെ മനസ്സിലാക്കുന്നു, ഒരു പക്ഷെ ഇവർ ജന്മനാ തന്നെ അങ്ങിനെയായിരിക്കും എന്തുകൊണ്ടെന്നാൽ അവരുടെ പുരുഷാർത്ഥ പ്രദമായ ജീവിതത്തെ അവർ അങ്ങിനെയാണ് കാണുന്നത് . പക്ഷെ ആദ്യം പുരുഷാർത്ഥം അവശ്യം ചെയ്യേണ്ടതുണ്ട്, പുറകെയേ പ്രാപ്തി ലഭിക്കൂ. ഓം ശാന്തി.